(ബി) അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ). ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ബേക്കൽ കോട്ടയിലും ബീച്ചിലും അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസ്റ്റ് പോലീസുകാരുടെ സേവനവും ലൈഫ് ബോയ്കളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ആക്കുളം ടൂറിസ്റ്റ് മേഖലയിലെ വികസനപ്രവർത്തനങ്ങൾ

91 [1988] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ബഹു. വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി 21-10-2004-ൽ സന്ദർശനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത സന്ദർശനത്തെ തുടർന്ന് ആക്കുളം ടൂറിസ്റ്റ് മേഖലയിൽ സമയബന്ധിതമായി നടപ്പാക്കാമെന്ന് അറിയിച്ചിരുന്ന വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(സി) ആക്കുളം കായലിലെ നിർദ്ദിഷ്ട വാക്ക്വേയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടികൾ നിർദ്ദേശിക്കുമോ;

(ഡി) നിർമ്മാണം പൂർത്തിയാക്കാനാകാതെ അവശേഷിക്കുന്ന കൃത്രിമ വെള്ളച്ചാട്ടം 2005 ഏപ്രിലിനുമുമ്പ് പ്രവർത്തനക്ഷമമാക്കാൻ നടപടി കൈക്കൊള്ളുമോ;

(ഇ) ആക്കുളത്തെ പുന്തോട്ടവും കുട്ടികളുടെ പാർക്കും നവീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ആക്കുളം മേഖലയിൽ കേരള സർവ്വകലാശാല അക്വാട്ടിക് ബയോളജി വകുപ്പിന്റെ അധീനതയിലുള്ള അക്വേറിയം പ്രവർത്തനവുമായി സഹകരിച്ച് ടൂറിസം സാദ്ധ്യതകൾ വിപുലമാക്കാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) ആക്കുളം വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ പ്രോജക്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുന്തോട്ടവും കുട്ടികളുടെ പാർക്കും നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്ന് നൽകിവരുന്ന തുക

92 [1989] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

" ജോർജ്ജ് ജെ. മാത്യു:

" ബി. വിജയകുമാർ :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്നും വർഷാംശമായി എത്ര തുക നൽകിവരുന്നു ;

(ബി) പ്രസ്തുത തുക നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(സി) പ്രസ്തുത തുകയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇതനുസരിച്ച് തുകയിൽ വർദ്ധന വരുത്താറുണ്ടോ ;

(ഇ) പ്രസ്തുത വ്യവസ്ഥപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇപ്പോൾ സർക്കാർ പ്രതിവർഷം നൽകേണ്ട തുകയെത്രയാണ് ;

(എഫ്) ദേവസ്വം ബോർഡിന് നൽകേണ്ട തുക ഏറ്റവും അവസാനം വർദ്ധിപ്പിച്ചതെന്നാണ് ;

(ജി) വർദ്ധിപ്പിച്ച തോതിൽ തുക ഇപ്പോൾ നൽകിവരുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സൗകര്യങ്ങൾ ചെയ്യുന്നതിന്റെ പേരിൽ എത്ര തുക വീതം ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ദേവസ്വം ബോർഡിൽനിന്നും സർക്കാർ വാങ്ങിയിട്ടുണ്ട് ;

(ഐ) ദേവസ്വം ബോർഡിന് കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തുകയുടെ കുടിശ്ശികയിൽനിന്ന് ദേവസ്വം ബോർഡിൽ നിന്നും വാങ്ങുന്ന തുക തട്ടിക്കിഴിക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly